# ദൃഢതയും പരിവർത്തന ശക്തിയിലും കൂടി സമസ്യ എന്ന വാക്കിനോട് വിട പറഞ്ഞ് നിവാരണത്തിന്റെയും പരിഹാരത്തിന്റെയും സ്വരുപമാകൂ.

ഇന്ന് നവയുഗത്തിന്റെ രചയിതാവായ ബാപ്ദാദ തന്റെ നാനാഭാഗത്തേയും കുട്ടികൾക്ക് നവവർഷത്തിന്റെയും നവയുഗത്തിന്റെയും ആശംസകൾ നൽകുന്നതിനായി വന്നിരിക്കുകയാണ്. നാനാഭാഗത്തെയും കുട്ടികൾ ആശംസകൾ നൽകാൻ വന്നിരിക്കുകയാണ്. നവ വർഷത്തിന്റെ മാത്രം ആശംസകൾ നൽകാൻ വന്നിരിക്കുകയാണോ അതോ നവയുഗത്തിന്റെയും ആശംസകൾ നൽകാൻ വന്നതാണോ? ഏതുപോലെ നവവർഷത്തിൽ സന്തോഷം ഉണ്ടാകുന്നു സന്തോഷം കൊടുക്കുന്നു. ബ്രാഹ്മണാത്മാക്കളായ നിങ്ങൾക്ക് നവയുഗത്തിന്റെയും അത്രയ്ക്ക് തന്നെ ഓർമ്മ ഉണ്ടോ? നവയുഗം നയനങ്ങളുടെ മുന്നിൽ വന്നുകഴിഞ്ഞോ? ഏതു പോലെ പുതിയ വർഷത്തിനായി ഉടനെ വരാൻ പോകുന്നു എന്ന് ഹൃദയത്തിൽ വരില്ലേ, അതുപോലെ നവയുഗം ഉടനെ വരാൻ പോകുന്നു എന്നത് അനുഭവം ചെയ്യാറുണ്ടോ? ഇപ്പോൾ നവയുഗത്തിന്റെ സ്മൃതി ഇത്രയും സമീപത്ത് വരുന്നുണ്ടോ? തന്റെ തിളങ്ങിക്കൊണ്ടിരിക്കുന്ന ശരീരമാകുന്ന വസ്ത്രം മുന്നിൽ വരുന്നുണ്ടോ? ബാപ്ദാദ ഡബിൾ ആശംസകൾ തരികയാണ്. കുട്ടികളുടെ മനസ്സിൽ, നയങ്ങളിൽ നവയുഗത്തിന്റെ ദൃശ്യങ്ങൾ ഇമെർജ് ആണ്, തന്റെ നവയുഗത്തിൽ ശരീരം, മനസ്സ്, ധനം, ജനം, എല്ലാം എത്രയോ ശ്രേഷ്ഠമായതാണ്, സർവ്വ പ്രാപ്തികളുടെയും ഖജനാവ് ഉണ്ട്. ഇപ്പോൾ പഴയലോകത്തിലാണ്, ഉടനെ തന്നെ നമ്മുടെ രാജ്യത്തിൽ പോകും എന്ന സന്തോഷം ഉണ്ട്! തന്റെ രാജ്യം ഓർമ്മയുണ്ടോ? ഏതുപോലെ ഇന്ന് ഡബിൾ കാര്യത്തിനായി വന്നിരിക്കുകയാണ്, പഴയതിനോട് വിട പറയാനും നവ വർഷത്തിന്റെ ആശംസകൾ നൽകാനും വന്നതാണ്. പഴയ വർഷത്തിന് മാത്രം വിട കൊടുക്കാൻ വന്നതാണോ അതോ പഴയ ലോകത്തിന്റെ പഴയ സംസ്ക്കാരം, പഴയ സ്വഭാവം, പഴയ പെരുമാറ്റം അതിനെല്ലാം വിട നൽകാൻ വന്നതാണോ? പഴയ വർഷത്തിന് വിട നൽകാൻ സഹജമാണ്, എന്നാൽ പഴയ സംസ്ക്കാരങ്ങൾക്ക് വിട കൊടുക്കന്നത് ഇതുപോലെ സഹജമായി തോന്നാറുണ്ടോ? എന്ത് മനസ്സിലാക്കി? മായയ്ക്കും വിട കൊടുക്കുന്നതിനായി വന്നതാണോ അതോ വർഷത്തിന് വിട കൊടുക്കാൻ വന്നതാണോ? വിട കൊടുക്കണ്ടേ! അതോ മായയോട് കുറച്ച് സ്നേഹമുണ്ടോ? കുറച്ച് വയ്ച്ചിരിക്കാൻ ആഗ്രഹം ഉണ്ടോ? ബാപ്ദാദ ഇന്ന് നാനാഭാഗത്തെയും കുട്ടികളെ പഴയ സ്വാഭാവ സംസ്കാരങ്ങളിൽ നിന്ന് വിടവാങ്ങിക്കാൻ ആഗ്രഹിക്കുന്നു. കൊടുക്കാൻ കഴിയുമോ. ധൈര്യം ഉണ്ടോ, അതോ വിട നൽകാൻ ആഗ്രഹിക്കുന്നുണ്ടെന്നു ചിന്തിക്കുന്നു എന്നാൽ മായ വീണ്ടും വരുന്നു! ഇന്നത്തെ ദിവസം ദൃഢ സങ്കലത്തിന്റെ ശക്തിയിലൂടെ പഴയ സംസ്ക്കാരങ്ങൾക്ക് വിട നൽകി നവയുഗത്തിന്റെ സംസ്ക്കാരത്തിന്, ജീവിതത്തിനു ആശംസകൾ നൽകാൻ ധൈര്യം ഉണ്ടോ? സംഭവിക്കും എന്ന് കരുതുന്നവർ ആരാണ്, സംഭവിക്കുമോ, അതോ സംഭവിക്കേണ്ടതാണ് എന്നാണോ, ധൈര്യം ഉള്ളവർ ഉണ്ടോ?ധൈര്യം ഉണ്ടെന്നു കരുതുന്നവർ കൈ ഉയർത്തൂ. ധൈര്യം ഉണ്ടോ? ആരൊക്കെ കൈ ഉയർത്തിയില്ല, അവർ ചിന്തിക്കുകയാണോ? ഡബിൾ വിദേശികൾ കൈ ഉയർത്തിയോ, ധൈര്യം ഉള്ളവർ കൈ ഉയർത്തൂ, എല്ലാവരും ഇല്ല. ശരി, ഡബിൾ വിദേശികൾ സമർത്ഥരാണ്. ഡബിൾ ലഹരി ഉണ്ട്, അതിനാലാണ്. നോക്കൂ ബാപ്ദാദ ഓരോ മാസവും റിസൽട്ട് നോക്കും. ധൈര്യശാലികളായ കുട്ടികളാണെന്ന സന്തോഷം ബാപ്ദാദയ്ക്കും ഉണ്ട് .കൗശലപൂർവ്വം മറുപടി നൽകുന്ന കുട്ടികൾ ആണ്. കാരണമെന്ത്? എന്തുകൊണ്ടെന്നാൽ അറിയാം നമ്മുടെ ധൈര്യത്തിന്റെ ഓരോ ചുവടിനും ബാബയുടെ ആയിരം മടങ്ങു സഹായം ലഭിക്കുക തന്നെ ചെയ്യും. അധികാരികൾ ആണ്. ആയിരം ചുവട് സഹായത്തിന്റെ അധികാരികൾ ആണ്. മായ ധൈര്യം മാത്രം ഉലയ്ക്കാൻ പരിശ്രമിക്കുന്നു. ബാപ്ദാദ കാണുന്നു വളരെ നല്ല ധൈര്യം വയ്ക്കുന്നുണ്ട്, ബാപ്ദാദ ഹൃദയത്തിൽ നിന്ന് ആശംസകളും തരുന്നു, ധൈര്യം വയ്ക്കുന്നതിനോടൊപ്പം തന്റെ ഉള്ളിൽ വ്യർത്ഥ സങ്കല്പങ്ങളും ഉണ്ടാകുന്നുണ്ട്, ചെയ്യുന്നുണ്ടെങ്കിലും, ആകേണ്ടതാണെങ്കിലും, തീർച്ചയായും ചെയ്യണമെങ്കിലും, അറിയില്ല..... അറിയില്ല എന്ന സങ്കല്പം വരുന്നത് ധൈര്യത്തെ ദുർബലമാകുന്നു. എങ്കിലും എന്നത് വരുന്നുണ്ട്, ചെയ്യുന്നുണ്ടെങ്കിലും, ചെയ്യണമെങ്കിലും.... മുന്നോട്ട് പറക്കേണ്ടതാണ് എങ്കിലും.. . ഇത് ധൈര്യത്തെ ദുർബലമാകുന്നു. എങ്കിലും എന്ന് ചിന്തിക്കാതെ ചെയ്തേ തീരൂ. എന്ത് കൊണ്ട് നടക്കില്ല! ബാബയാണ് കൂടെ ഉള്ളത്. ബാബ കൂടെ ഉള്ളപ്പോൾ സംശയം വരാൻ പാടില്ല.

ഈ പുതിയ വർഷത്തിൽ എന്ത് നവീനത ചെയ്യും? ധൈര്യത്തിന്റെ കാല് ദൃഢമാക്കൂ. ധൈര്യത്തിന്റെ കാൽ അത്രയും ദൃഢമാക്കൂ മായ സ്വയം കുലുങ്ങിയാലും കാല് അനങ്ങില്ല. നിങ്ങൾ എല്ലാവരുടെയും കർത്തവ്യം അഥവാ ജോലി എന്താണ്? സ്വയത്തെ എന്താണ് വിളിക്കുന്നത്? ഓർമ്മിക്കൂ.വിശ്വ മംഗളകാരി, വിശ്വ പരിവർത്തകർ, ഇത് നിങ്ങളുടെ കർത്തവ്യമാണ്! ബാപ്ദാദയ്ക്ക് ഇടയ്ക്കൊക്കെ മധുര മധുരമായ ചിരി വരുന്നുണ്ട്. വിശ്വ പരിവർത്തകർ എന്ന ടൈറ്റിൽ ഉണ്ടല്ലോ! വിശ്വപരിവർത്തകർ ആണോ? അതോ

ലണ്ടൻ പരിവർത്തകരാണോ. ഇന്ത്യയുടെ പരിവർത്തകർ ആണോ? എല്ലാവരും വിശ്വ പരിവർത്തകർ അല്ലെ? ഗ്രാമത്തിൽ ഇരുന്നാലും, ലണ്ടനിലോ അമേരിക്കയിലോ ഇരുന്നാലും വിശ്വ മംഗളകാരികൾ ആണല്ലോ? ആണെങ്കിൽ തലയാട്ടൂ. പക്കാ അല്ലെ! അതോ 75 ശതമാനം ആണോ? 75 ശതമാനം വിശ്വ മംഗളകാരിയാണ്, 25 ശതമാനം ഇളവുണ്ട് അങ്ങനെയാണോ? താങ്കളുടെ വെല്ലുവിളി എന്താണ്? പ്രകൃതിയെയും വെല്ലുവിളിച്ചിട്ടുണ്ട് പ്രകൃതിയെയും പരിവർത്തനം ചെയ്യണം. തന്റെ തൊഴിൽ ഓർമ്മിക്കൂ. ഇടയ്ക്കിടയ്ക്ക് സ്വയത്തിനുവേണ്ടിയും ചിന്തിക്കൂ ചെയ്യാൻ പാടില്ല, എങ്കിലും സംഭവിക്കുന്നു.വിശ്വ പരിവർത്തകരും, പ്രകൃതി പരിവർത്തകരും, സ്വ പരിവർത്തകരും ആകാൻ കഴിയില്ലേ? ശക്തി സേന എന്താണ് ചിന്തിക്കുന്നത്? ഈ വർഷം തന്റെ വിശ്വ പരിവർത്തകൻ എന്ന തൊഴിൽ ഓർമ്മ ഉണ്ടാകണം. സ്വയത്തിനെ പ്രതിയും തന്റെ ബ്രാഹ്മണ പരിവാരത്തിനെ പ്രതിയും പരിവർത്തകർ ആകണം, പരോപകാരം തുടങ്ങേണ്ടത് ആദ്യം വീട്ടിൽ നിന്നാണ്! തന്റെ തൊഴിലിന്റെ പ്രാക്ടിക്കൽ സ്വരൂപം പ്രത്യക്ഷമാക്കില്ലേ! സ്വ പരിവർത്തനം സ്വയം ആഗ്രഹിക്കുന്നതാണ്, ബാപ്ദാദയും ആഗ്രഹിക്കുന്നതാണ്, അറിയാമല്ലോ! ബാപ്ദാദ ചോദിക്കുകയാണ് നിങ്ങൾ എല്ലാവരുടെയും ലക്ഷ്യം എന്താണ്? കൂടുതൽ പേരുടെയും ഉത്തരം ഒന്നാണ് ബാബയ്ക്ക് സമാനമാകണം. ശരിയല്ലേ! ബാബയ്ക്ക് സമാനമാകുക തന്നെ വേണം, അതോ നോക്കട്ടെ, ആലോചിക്കട്ടെ...! ബാപ്ദാദ ആഗ്രഹിക്കുന്നത് ഇതാണ് ഈ പുതിയ വർഷത്തിൽ 70 വർഷം പൂർത്തിയാക്കുകയാണ് ( 2006 ൽ) ഇപ്പോൾ 71 ാമത്തെ വർഷത്തിൽ എന്തെങ്കിലും അത്ഭുതം ചെയ്ത് കാണിക്കൂ. എല്ലാവരും ഉത്സാഹത്തോടെ സേവനത്തിന്റെ ഇത്രയും വ്യത്യസ്ത പ്രോഗ്രാമുകൾ ഉണ്ടാക്കുന്നുണ്ട്, സഫലമാകുകയും ചെയ്യുന്നുണ്ട്, ബാപ്ദാദയ്ക്ക് സന്തോഷം ഉണ്ട്, ചെയ്യുന്ന പരിശ്രമത്തിന്റെ സഫലത കിട്ടുന്നുണ്ട്. വ്യർത്ഥമായി പോകുന്നില്ല, സേവനം ചെയ്യുന്നത് എന്തിനാണ്? എന്ത് ഉത്തരം നൽകും? ബാബയെ പ്രത്യക്ഷമാക്കുന്നതിനുവേണ്ടി. ബാബ ഇന്ന് കുട്ടികളോട് ചോദിക്കുകയാണ്,ബാബയെ പ്രത്യക്ഷമാക്കണം,ആക്കുകയും ചെയ്യും. ബാബയെ പ്രത്യക്ഷമാക്കുന്നതിന് മുൻപ് സ്വയത്തെ പ്രത്യക്ഷമാക്കണം.പറയൂ, ശിവശക്തികൾ ഈ വർഷം ശിവശക്തിയുടെ രൂപത്തിൽ സ്വയത്തെ പ്രത്യക്ഷമാക്കുമോ? ആക്കുമോ?ജനക് പറയൂ? ചെയ്യുമോ?(ചെയ്തേ മതിയാകൂ) കൂടെയുള്ളവർ, ആദ്യത്തെയും രണ്ടാമത്തെയും വരികളിൽ ഇരിക്കുന്ന ടീച്ചേർസ് കൈ ഉയർത്തൂ, ആരൊക്കെ ഈ വർഷം ചെയ്ത് കാണിക്കും? ചെയ്യാം എന്നതല്ല, ചെയ്ത് കാണിച്ചിരിക്കും. ശരി എല്ലാ ടീച്ചേർസ് ഉയർത്തിയോ അതോ ആരെങ്കിലും ഉയർത്താതിരുന്നോ. ശരി മധുബനിൽ ഉള്ളവർ. ചെയ്യുക തന്നെ വേണം,ചെയ്തേ പറ്റൂ, മധുബൻ ഏറ്റവും സമീപത്താണല്ലോ. തീയതി കുറിച്ച് വയ്ക്കണം, 31 തീയതി ആണ്. സമയവും രേഖപ്പെടുത്തണം.(9 കഴിഞ്ഞു 20 മിനിറ്റ്) പാണ്ഡവ സേനയോ, പാണ്ഡവർ എന്ത് ചെയ്ത് കാണിക്കണം? വിജയി പാണ്ഡവർ. ഇടയ്ക്കിടയ്ക്ക് വിജയികളാകുന്നവർ അല്ല, വിജയികളായ പാണ്ഡവർ ആണ്. ഈ വർഷം അതുപോലെ ആയി കാണിക്കുമോ അതോ പറയുമോ എന്ത് ചെയ്യാനാണ്? മായാ വന്നില്ലേ, ആഗ്രഹമില്ലായിരുന്നു വന്നുപോയി! ബാപ്ദാദ മുൻപും പറഞ്ഞതാണ് അവസാന സമയം വരെയും മായാ വന്നുകൊണ്ടിരിക്കും. വരുന്നത് മായയുടെ ജോലിയാണ്,നിങ്ങളുടെ ജോലി എന്താണ്?വിജയി ആകണം.ഇങ്ങനെ ചിന്തിക്കരുത്, ആഗ്രഹിക്കുന്നില്ലെങ്കിലും മായ വരുകയാണ്. ആയിപ്പോകുന്നു.... ബാപ്ദാദ ഈ വർഷത്തിനോടൊപ്പം ഈ വാക്കുകൾക്കും വിട നൽകാൻ ആഗ്രഹിക്കുന്നുണ്ട്. 12 മണിയാകുമ്പോൾ ഈ വർഷത്തിനോട് വിട പറയില്ലേ! അപ്പോൾ മണി മുഴക്കുമല്ലോ, ഇന്ന് മണി മുഴക്കുമ്പോൾ ഏതിന്റെ മണിയാണ് മുഴക്കേണ്ടത്? ദിവസത്തിന്റെ, വർഷത്തിന്റെ അതോ മായയ്ക്ക് വിട നൽകുന്നതിന്റെ മണി മുഴക്കണം. രണ്ടു കാര്യങ്ങളാണ് ഒന്ന് പരിവർത്തന ശക്തി, അതിന്റെ കുറവുണ്ട്.വളരെ നല്ല പ്ലാനുകൾ തയ്യാറാക്കും, അങ്ങനെ ചെയ്യും, അങ്ങനെ ചെയ്യും,അങ്ങനെ ചെയ്യും,... ബാപ്ദാദയും സന്തോഷിക്കുന്നു, വളരെ വല്ല പ്ലാൻതയ്യാറാക്കി. പരിവർത്തന ശക്തിയുടെ കുറവ് വരുന്നതിനാൽ ചിലത് പരിവർത്തനമാകുന്നു, ചിലത് ബാക്കിയാകുന്നു.രണ്ടാമത്തെ കുറവാണ് ദൃഢതയുടേത്. വളരെ നല്ല സങ്കൽപ്പങ്ങൾ വയ്ക്കുന്നുണ്ട്, ഇന്ന് നോക്കുകയാണെങ്കിൽ എത്ര കാർഡുകൾ, എത്ര,എത്ര വാഗ്ദാനങ്ങൾ കണ്ടു, ബാപ്ദാദ കണ്ടു. വളരെ നല്ല എത്ര കത്തുകളാണ് വന്നത്.(കാർഡുകളും കത്തുകളും എല്ലാം സ്റ്റേജിൽ അലങ്കരിച്ച് വച്ചിരിക്കുന്നു) ചെയ്യും, കാണിക്കും, നടക്കണം, കോടാനുകോടി മടങ്ങു സ്നേഹസ്മരണകൾ എല്ലാം ബാപ്ദാദയുടെയടുത്ത് എത്തി. ഇന്ന് ആരെല്ലാം സന്മുഖത്ത് ഇരിക്കുന്നുണ്ടോ അവരുടെ ഹൃദയത്തിന്റെ ശബ്ദം ബാബയുടെയടുത്ത് എത്തി.ഇപ്പോൾ ബാപ്ദാദ ഈ രണ്ടു ശക്തികളുടെ മേൽ അടിവരയിടുകയാണ്. ഒന്ന് ദൃഢതയുടെ കുറവ് വരുന്നു. കുറവിനുള്ള കാരണമാണ് അലസത, മറ്റുള്ളവരെ നോക്കുന്നു. ആയിക്കൊള്ളും, ചെയ്തുകൊണ്ടിരിക്കുന്നു, ചെയ്യും, തീർച്ചയായും ചെയ്യും...

ബാപ്ദാദ ആഗ്രഹിക്കുന്നത് ഇതാണ്, ഈ വർഷം ഒരു വാക്കിന് സദാ കാലത്തേയ്ക്ക് വിട നൽകൂ. അത് ഏതാണ്? പറയൂ പറയട്ടെ? നൽകേണ്ടി വരും. ഈ വർഷം ബാപ്ദാദ കാരണം എന്ന വാക്കിന് വിട നൽകാൻ ആഗ്രഹിക്കുന്നു. നിവാരണം വേണം. കാരണം സമാപ്തമാകണം. സമസ്യ സമാപ്തമായി പരിഹാര സ്വരൂപമാകണം. സ്വയത്തിന്റെ കാരണമാണെങ്കിലും, കൂടെയുള്ളവർ കാരണമായാലും, സംഘടന ക

ാരണമാണെങ്കിലും, ഏതെങ്കിലും സാഹചര്യം കരണമായാലും, ബ്രാഹ്മണരുടെ നിഘണ്ടുവിൽ കാരണം എന്ന വാക്ക്, സമസ്യ എന്ന വാക്ക് പരിവർത്തനമായി പരിഹാരവും നിവാരണവുമാകണം, ധാരാളം പേര് ഇന്ന് അമൃതവേളയിലും ബാപ്ദാദയോട് ആത്മീയ സംഭാഷണത്തിൽ ഈ കാര്യങ്ങൾ പറഞ്ഞു, അതായത് പുതിയ വർഷം എന്തങ്കിലും പുതുമയുള്ളത് ചെയ്യണം. ബാപ്ദാദ ആഗ്രഹിക്കുന്നത് ഈ പുതിയ വർഷം ഇങ്ങനെ ആഘോഷിക്കണം,ഈ രണ്ടു വാക്കുകൾ സമാപ്തമാകണം. പരോപകാരി ആകൂ.സ്വയം കാരണം ആയാലും, മറ്റുള്ളവർ ആരെങ്കിലുമാണ് കാരണം എങ്കിലും, പരോപകാരി ആത്മാവായി, ദയാഹൃദയ ആത്മാവായി, ശുഭ ഭാവനയുടെയും ശുഭകാമനയുടെയും ഹൃദയമുള്ളവരായി സഹയോഗം കൊടുക്കൂ സ്നേഹം എടുക്കൂ.
ഈ പുതിയ വർഷത്തിന് പുതിയ ഏത് നാമം നൽകണം? മുൻപ് ഓരോ വർഷത്തിനും പേരിടുമായിരുന്നു,ഓർമ്മയുണ്ടോ?ബാപ്ദാദ ഈ വർഷത്തെ ശ്രേഷ്ഠ ശുഭ സങ്കല്പത്തിന്റെ, ദൃഢ സങ്കല്പത്തിന്റെ, സ്നേഹത്തിന്റെ സഹയോഗത്തിന്റെ സങ്കല്പ വർഷം ഇത് പേര് അല്ല, അതുപോലെ കാണാനാണ് ആഗ്രഹിക്കുന്നത്. ദൃഢതയുടെ ശക്തിയും, പരിവർത്തനത്തിന്റെ ശക്തിയും സദാ കൂട്ടുകാരാക്കൂ. ആരെങ്കിലും നെഗറ്റിവ് എന്തെങ്കിലും നൽകിയാലും, നിങ്ങൾ മറ്റുള്ളവർക്ക് കോഴ്സ് നല്കുമല്ലോ നെഗറ്റീവിനെ പോസിറ്റീവ് ആയി പരിവർത്തനം ചെയ്യൂ, എങ്കിൽ സ്വയം നിങ്ങൾക്കും നെഗറ്റീവിനെ പോസിറ്റീവ് ആയി പരിവർത്തനം ചെയ്യാൻ സാധിക്കില്ലേ? മറ്റുള്ളവർ പരവശരാകുന്നു, പരവശരായവരോട് ദയകാണിക്കണം. നിങ്ങളുടെ ജഢചിത്രങ്ങൾ നിങ്ങളുടെ തന്നെ ചിത്രങ്ങൾ അല്ലേ. ഭാരതത്തിൽ ഡബിൾ വിദേശികളുടെയും ചിത്രങ്ങൾ ഉണ്ടല്ലോ, അതിനെയും പൂജിക്കുന്നുണ്ട്. ദിൽവാല ക്ഷേത്രത്തിൽ നിങ്ങളുടെ ചിത്രം കണ്ടില്ലേ!വളരെ നല്ലത്. നിങ്ങളുടെ ജഢചിത്രങ്ങൾ ദയാ ഹൃദയരാണ്, ഏതെങ്കിലും ചിത്രത്തിന്റെ മുന്നിൽ ചെന്ന് എന്താണ് യാചിക്കുന്നത്? ദയ കാണിക്കൂ, കൃപ കാണിക്കൂ, കരുണ കാണിക്കൂ,കരുണ, കരുണ.. . എങ്കിൽ ആദ്യം സ്വയത്തിനു മേൽ ദയ കാണിക്കൂ, പിന്നെ ബ്രാഹ്മണ പരിവാരത്തിന് മേൽ ദയ കാണിക്കൂ, ആരെങ്കിലും പരവശം ആണ്,സംസ്ക്കാരങ്ങൾക്ക് വശപ്പെട്ടു, ദുർബലർ ആണ് എങ്കിൽ ആ സമയം അറിവില്ലാത്തവർ ആകുന്നു, എങ്കിൽ ദേഷ്യപ്പെടരുത്. ക്രോധത്തിന്റെ പരാതികൾ ആണ് കൂടുതൽ വരുന്നത്. ക്രോധം അല്ലെങ്കിൽ അതിന്റെ കൊച്ചു കുട്ടികളോട് വളരെ സ്നേഹമാണ്.അഭിമാനം വരുന്നു, ഈ അധികാരം ക്രോധത്തിന്റെ കുട്ടിയാണ്. ഏതുപോലെ കുടുംബത്തിൽ വലിയ കുട്ടികളോട് സ്നേഹം കുറയും, ചെറിയ കുട്ടികളോടും കൊച്ചുമക്കളോടും സ്നേഹം കൂടുതലായിരിക്കും. ക്രോധം അച്ഛനാണ്,അഭിമാനവും തലതിരിഞ്ഞ ലഹരി, വ്യത്യസ്തങ്ങളായ ലഹരിയാണ്, ബുദ്ധിയുടെ ലഹരി, ഡ്യൂട്ടിയുടെ ലഹരി, സേവനത്തിന്റെ ഏതെങ്കിലും വിശേഷ കർത്തവ്യത്തിന്റെ ലഹരി, ഇതെല്ലാം അഭിമാനമാണ്. ദയാലുവാകൂ, കൃപാലുവാകൂ.നോക്കൂ പുതുവർഷത്തിൽ പരസ്പരം മധുരം കൊടുക്കും! അപ്പോൾ മുഴുവൻ വർഷത്തെയും കയ്പ് കാണിക്കരുത്.അവർ മധുരം കഴിപ്പിക്കുന്നു, നിങ്ങൾ മധുരം കഴിപ്പിക്കുക മാത്രമല്ല മുഴുവൻ മുഖവും മധുരമാക്കൂ. തന്റെ മുഖം ആത്മീയതയുടെ സ്നേഹം നിറഞ്ഞതാകണം, പുഞ്ചിരിക്കുന്നതാകണം. കയ്പുള്ളതാകരുത്. കൂടുതൽ പേരും ബാപ്ദാദയുമായി ആത്മീയ സംഭാഷണം നടത്തുമ്പോൾ തന്റെ സത്യമായ കാര്യങ്ങൾ കേൾപ്പിക്കും,വേറെയാരും കേൾക്കുകയില്ല. കൂടുതൽ പേരുടെയും റിസൾട്ടിൽ വികാരങ്ങളിൽ ക്രോധത്തിന്റെയും ക്രോധത്തിന്റെ സന്താനങ്ങളുടെയും പരാതിയാണ് കൂടുതൽ ഉള്ളത്.
ഈ പുതിയ വർഷത്തിൽ ഈ കയ്പ് ഇല്ലാതാക്കാനാണ്ബാപ്ദാദയും ആഗ്രഹിക്കുന്നത്. പലരും തന്റെ പ്രതിജ്ഞ എഴുതിയിട്ടുണ്ട് ആഗ്രഹിക്കുന്നില്ല, എങ്കിലും വന്നു പോയി. ബാപ്ദാദയും കാരണം കേൾപ്പിച്ചതാണ്, ദൃഢതയുടെ കുറവ് ഉണ്ട്. ബാബയുടെ മുൻപിൽ സങ്കല്പത്തിലൂടെ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നുണ്ട്, ദൃഢതയുടെ ശക്തി അങ്ങനെയുള്ളതാണ് പറയാറുണ്ട് ശരീരം ഉപേക്ഷിക്കേണ്ടി വന്നാലും വാക്ക് ലംഘിക്കില്ല .മരിക്കേണ്ടി വരും,കുനിയേണ്ടി വരും,മാറേണ്ടി വരും, സഹിക്കേണ്ടി വരും എങ്കിലും വാക്കിന് ദൃഢതയുള്ളവർ ഓരോ ചുവടിലും സഫലതാമൂർത്തിയാണ്, കാരണം ദൃഢതയാണ് സഫലതയുടെ താക്കോൽ. ഈ താക്കോൽ എല്ലാവരുടെയും കൈയ്യിൽ ഉണ്ട്, പക്ഷെ സമയമാകുമ്പോൾ കാണാതാകുന്നു. എന്താണ് ആലോചിക്കുന്നത്? പുതിയ വർഷത്തിൽ നവീനത ചെയ്യണം സ്വയത്തിന്റെ, സഹയോഗികളുടെ, വിശ്വപരിവർത്തനത്തിന്റെ. പിന്നിലിരിക്കുന്നവർ കേൾക്കുന്നില്ലേ?ചെയ്തേ തീരൂ, ഇങ്ങനെ ചിന്തിക്കരുത് മുതിർന്നവർ ചെയ്തകൊള്ളും നമ്മൾ ചെറിയവർ അല്ലെ .ചെറിയവർ ബാബയ്ക്ക് സമാനരാണ്. ഓരോ കുട്ടിയും ബാബയുടെ അധികാരിയാണ്, ആദ്യമായി വന്നവർ ആണെങ്കിലും എന്റെ ബാബ എന്ന് പറയുമ്പോൾ അധികാരി ആണ്.ശ്രീമത്തിലൂടെ നടക്കാനുള്ള അധികാരി, സർവ്വ പ്രാപ്തികളുടെയും അധികാരി.ടീച്ചേർസ് ഒത്തുചേർന്ന് പ്രോഗ്രാം തയ്യാറാക്കണം, വിദേശികളും ചെയ്യണം, ഭാരതത്തിലുള്ളവരും ഒത്തു ചേർന്ന് ചെയ്യണം.ബാപ്ദാദ സമ്മാനം നൽകും, ഏത് സോൺ, വിദേശത്തെ ആയാലും ഇന്ത്യ ആണെങ്കിലും ഏത് സോൺ ഒന്നാമത് എത്തും അവർക്ക് സ്വർണ്ണ കപ്പ് നൽകും. സ്വയത്തിനെ മാത്രമല്ല, കൂടെയുള്ളവരെയും ആക്കണം. ബാപ്ദാദയും കണ്ടതാണ് കുട്ടികളുടെ പരിവർത്തനം ഇല്ലെങ്കിൽ വിശ്വ പരിവർത്തനം പതുക്കെയാകുന്നു. അന്യ ആത്മാക്കൾ പുതിയ പ്രകാരത്തിലെ ദുഖത്തി

ന് പത്രമാകുന്നുണ്ട്. ദുഖത്തിനും അശാന്തിക്കും പുതിയ കാരണങ്ങൾ വരുന്നുണ്ട്. നിങ്ങൾ എല്ലാ കുട്ടികളുടെയും ദുഃഖത്തിന്റെ വിളി കേട്ട് പരിവർത്തനം ആഗ്രഹിക്കുന്നു. മാസ്റ്റർ സുഖദാതാവിന്റെ കുട്ടികൾ ആണ്, ദുഃഖിതരുടെ മേൽ ദയ കാണിക്കൂ. ഭക്തർ ഭക്തി ചെയ്ത് തളർന്നുപോയി . ഭക്തർക്കും മുക്തിയുടെ സമ്പത്ത് നൽകൂ, ദയ തോന്നുന്നുണ്ടോ ഇല്ലയോ? സ്വന്തം സേവനത്തിലും സ്വന്തം ദിനചര്യയിലും മുഴുകിയിരിക്കുകയാണോ? നിമിത്തമായവർ ആണ്, മുതിർന്നവരാണ് നിമിത്തമായിരിക്കുന്നത് അങ്ങനെയല്ല,എന്റെ ബാബ എന്ന് പറയുമ്പോൾ ഓരോ കുട്ടിയും നിമിത്തമാകുന്നു. പുതിയ വർഷത്തിൽ പരസ്പരം സമ്മാനം കൊടുക്കാറുണ്ടല്ലോ, നിങ്ങൾ ഭക്തരുടെ ആഗ്രഹം പൂർത്തിയാകൂ, അവർക്ക് സമ്മാനം നൽകൂ, മുക്തിധാമത്തിൽ ശാന്തി കൊടുക്കൂ ഈ സമ്മാനം നൽകൂ. ബ്രാഹ്മണ പരിവാരത്തിൽ ഓരോ ആത്മാവിനും ഹൃദയത്തിൽ നിന്നുള്ള സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും സമ്മാനം കൊടുക്കൂ. താങ്കളുടെയടുത്തു സമ്മാനം സ്റ്റോക്ക് ഉണ്ടോ? സ്നേഹം ഉണ്ടോ? സഹയോഗം ഉണ്ടോ?മുക്തി നൽകാനുള്ള ശക്തി ഉണ്ടോ? ആരുടെ അടുത്താണോ സ്റ്റോക്ക് ഉള്ളത് അവർ കൈ ഉയർത്തൂ. സ്റ്റോക്ക് ഉണ്ടോ. സ്റ്റോക്ക് കുറവാണോ? മുൻപിലത്തെ വരിയിലിരിക്കുന്നവർക്ക് സ്റ്റോക്കിന്റെ കുറവ് ഉണ്ടോ? ഈ ബ്രിജ്മോഹൻ കൈ ഉയർത്തിയില്ല. സ്റ്റോക്കില്ലേ, സ്റ്റോക്ക് ഉണ്ടോ? എല്ലാവരും ഉയർത്തിയോ? സ്റ്റോക്ക് ഉണ്ടോ? എങ്കിൽ സ്റ്റോക്ക് വച്ചിട്ട് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ശേഖരിച്ച് വച്ചിരിക്കുകയല്ലേ! ടീച്ചേർസ് സ്റ്റോക്ക് ഇല്ലേ? എങ്കിൽ നൽകൂ, വിശാല മനസ്സുള്ളവർ ആകൂ. മധുബനിൽ ഉള്ളവർ എന്ത് ചെയ്യും? സ്റ്റോക്ക് ഉണ്ടോ, മധുബനിൽ ഉണ്ടോ? മധുബനിൽ നാല് ഭാഗത്തും സ്റ്റോക്ക് നിറഞ്ഞിരിക്കുകയാണ്. ഇപ്പോൾ ദാതാവാകൂ, ശേഖരിക്കുക മാത്രമല്ല. ദാതാവാകൂ, കൊടുത്തു കൊണ്ടിരിക്കൂ. സമ്മതമല്ലേ. ശരി.

ഇപ്പോൾ ഓരോരുത്തരും സ്വന്തം മനസ്സിന്റെ അധികാരിയാണെന്നു മനസിലാക്കി സെക്കന്റിൽ മനസ്സിനെ ഏകാഗ്രമാക്കാൻ കഴിയുന്നുണ്ടോ? ഓർഡർ ചെയ്യാൻ കഴിയുന്നുണ്ടോ? ഒരു സെക്കന്റിൽ തന്റെ മധുരമായ വീട്ടിലേക്ക് എത്തി ചേരൂ. സെക്കന്റിൽ നമ്മുടെ രാജ്യമായ സ്വർഗ്ഗത്തിൽ എത്തി ചേരൂ. മനസ്സ് താങ്കളുടെ നിർദ്ദേശം അനുസരിക്കുന്നുണ്ടോ അതോ ചഞ്ചലമാകുന്നുണ്ടോ ? യജമാനൻ യോഗ്യനാണ്, ശക്തിശാലിയായാണ്, എങ്കിൽ മനസ്സ് അനുസരിക്കാതിരിക്കുക സാധ്യമല്ല. ഇപ്പോൾ അഭ്യാസം ചെയ്യൂ ഒരു സെക്കന്റിൽ തന്റെ മധുരമായ വീട്ടിലേക്ക് എത്തി ചേരൂ.മുഴുവൻ ദിവസത്തിലും ഈ അഭ്യാസം ഇടയ്ക്കിടയ്ക്ക് ചെയ്യുന്നതിൽ ശ്രദ്ധിക്കൂ.മനസ്സിന്റെ ഏകാഗ്രത സ്വയത്തിനെയും വായുമണ്ഡലത്തിനെയും ശക്തിശാലി ആക്കുന്നു. ശരി.

നാല്ഭാഗത്തെയും സർവ്വരുടെയും അതീവ സ്നേഹികളും, സർവ്വരുടേയും സഹായോഗികളുമായ ശ്രേഷ്ഠ ആത്മാക്കൾക്ക്, നാനാഭാഗത്തെയും വിജയികളായ കുട്ടികൾക്ക്, സദാ പരിഹാര സ്വരൂപരും വിശ്വപരിവർത്തകരുമായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണകളും ഹൃദയത്തിന്റെ ആശിർവ്വാദങ്ങളും സ്വീകരിച്ചാലും. ഒപ്പം ബാബയുടെ തലയിലെ കിരീടങ്ങളായ എല്ലാ കുട്ടികൾക്കും ബാപ്ദാദയുടെ നമസ്തേ.

## വരദാനം: - മുരളീധരന്റെ മുരളിയോട് സ്നേഹം വയ്ക്കുന്ന സദാ ശക്തി ശാലിയായ ആത്മാവായി ഭവിക്കട്ടെ.

ഏത് കുട്ടികൾക്കാണോ പഠനത്തിനോട് മുരളിയോട് സ്നേഹം ഉള്ളത് അവർക്ക് സദാ ശക്തിശാലി ഭവയുടെ വരദാനം ലഭിക്കുന്നു, അവരുടെ മുന്നിൽ ഒരു വിഘ്നങ്ങളും നിലനിൽക്കില്ല. മുരളീധരനോട് സ്നേഹം ഉണ്ടെങ്കിൽ മുരളിയോട് സ്നേഹം ഉണ്ടാകും. ആരെങ്കിലും എനിക്ക് മുരളീധരനോട് വളരെ സ്നേഹം ഉണ്ട് പക്ഷെ പഠനത്തിന് സമയം ഇല്ല എന്ന് പറഞ്ഞാൽ ബാബ സമ്മതിക്കില്ല, എവിടെയാണോ ലഹരി ഉള്ളത് അവിടെ ന്യായികരണം ഉണ്ടാകില്ല. പഠനത്തിനോടും പരിവാരത്തിനോടുമുള്ള സ്നേഹം കോട്ട ആയിത്തീരുന്നു, അതിലൂടെ അവർ സുരക്ഷിതരായിരിക്കുന്നു .

## സ്ലോഗൻ: – ഏത് സാഹചര്യത്തിലും സ്വയത്തെ മോൾഡ് ചെയ്താൽ റിയൽ ഗോൾഡായി മാറും.

**അവ്യക്ത സൂചന– ഇപ്പോൾ ലഹരിയുടെ അഗ്നി ജ്വലിപ്പിച്ച് യോഗം ജ്വാലാരൂപമാക്കൂ.**

യോഗം ജ്വാല രൂപ ശക്തിശാലിയാക്കുന്നതിനായി യോഗത്തിലിരിക്കുന്ന സമയം ഉൾക്കൊള്ളുന്നതിനുള്ള ശക്തി ഉപയോഗിക്കൂ. സേവനത്തിന്റെ സങ്കല്പവും ലയിച്ച് ചേരണം, അത്രയ്ക്ക് ശക്തി ഉണ്ടാകണം സ്റ്റോപ്പ് എന്ന് പറയുമ്പോൾ സ്റ്റോപ്പ് ആകണം. ഫുൾ ബ്രേക്ക് ഉപയോഗിക്കണം, ലൂസായ ബ്രേക്ക് ആകരുത്. ഒരു സെക്കന്റിനു പകരം കൂടുതൽ സമയം എടുത്താൽ ഉൾക്കൊള്ളാനുള്ള ശക്തി ദുർബലമാണെന്ന് പറയും.